(ബി) ഉണ്ട്.

(സി) കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ കണ്ടൽകാടുകളുടെ സംരക്ഷണത്തിനും പുതിയ കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്നതിനുമായി ഒരു പഞ്ചവത്സര പദ്ധതിയും അഷ്ടമുടി, വേമ്പനാട് കായൽ പ്രദേശങ്ങളിലുള്ള കണ്ടൽകാടുകളുടെ സംരക്ഷണത്തിനായി ഒരു വർഷത്തേക്ക് കർമ്മപദ്ധതിയും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതി അടങ്കൽ 1178.15 ലക്ഷം രൂപയാണ്. ഇതുകൂടാതെ അടുത്തയവസരത്തിലുണ്ടായ സുനാമി പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ ബൃഹത്തായ, 55 കോടി രൂപയുടെ ഒരു കർമ്മപദ്ധതിയും കേന്ദ്രസർക്കാരിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കടലാക്രമണ നിരോധനമാർഗ്ഗം

76 [2551] ശ്രീ. എം. എം. ഹസ്സൻ :
,, കെ. മോഹൻകുമാർ :
,, എൻ. ഡി. അപ്പച്ചൻ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വാഭാവിക കടലാക്രമണ നിരോധനമാർഗ്ഗം എന്ന നിലയിൽ എന്തെല്ലാം സസ്യങ്ങൾ കേരളതീരത്ത് വിജയകരമായി വച്ചുപിടിപ്പിക്കുവാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

സ്വാഭാവിക കടലാക്രമണ നിരോധനത്തിന് ഏറ്റവും പറ്റിയത് കണ്ടൽ വർഗ്ഗത്തിലുള്ള ചെടികളാണ്. എന്നാൽ എല്ലാത്തരം മണ്ണിലും അത് വളർത്താൻ പറ്റില്ല. അതുകൊണ്ട് കണ്ടലിനെ കൂടാതെ പുന്ന, പൂവരശ്, കാറ്റാടി, അക്കേഷ്യ തുടങ്ങിയ വൃക്ഷയിനങ്ങളും വിജയകരമായി വച്ചുപിടിപ്പിക്കുവാൻ സാധിക്കും.

അർബൻ ഇക്കോപാർക്കുകൾ

77 [2552] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യ കൂടുതലുള്ള നഗരങ്ങളിൽ അർബൻ ഇക്കോ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വനം വകുപ്പിന്റെ അധീനതയിൽ തലസ്ഥാന നഗരിയിൽ ഒരു അർബൻ ഇക്കോപാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനം-വന്യജീവി വകുപ്പ് നഗരങ്ങളിൽ അർബൻ ഇക്കോപാർക്കുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ഇപ്പോൾ പിരഗണനയിലില്ല.

സ്റ്റാമ്പ് മാനുഫാക്ചറി പ്രസ്സിന്റെ ആധുനികവൽക്കരണം

78 [2567] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ സ്റ്റാമ്പ് മാനുഫാക്ചറി പ്രസ് എത്ര വർഷമായി പ്രവർത്തിക്കുന്നുവെന്നും ഇതിൽ എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നു എന്നും വ്യക്തമാക്കാമോ;

(ബി) ഈ പ്രസ്സ് മാറ്റി സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ പ്രവർത്തിച്ചുവരുന്ന രഹസ്യ വിഭാഗം അച്ചടി ജോലികൾ നടത്തുവാൻ പാകത്തിനുള്ള സെക്യൂരിറ്റി പ്രസ്സായി ഈ പ്രസ്സിനെ മാറ്റുവാനുള്ള നിർദ്ദേശങ്ങളടങ്ങിയ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു എന്ന് വെളിപ്പെടുത്താമോ;

(ഇ) സ്റ്റാമ്പ് മാനുഫാക്ചറി പ്രസ്സ് ആധുനികവൽക്കരിച്ച് ഇപ്പോൾ ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ പ്രവർത്തിക്കുന്ന കോൺഫിഡൻഷ്യൽ സെക്ഷനും ടിക്കറ്റ് പ്രിന്റിംഗ് സെക്ഷനും ഒരു ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കീഴിൽ ഈ പ്രസ്സിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 40 വർഷമായി പ്രവർത്തിച്ചുവരുന്ന സ്റ്റാമ്പുമാനുഫാക്ചറിയിൽ 140 ടെക്നിക്കൽ ജീവനക്കാരും 17 മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുമുൾപ്പെടെ 157 പേർ ജോലി ചെയ്യുന്നു.

(ബി) ഇപ്പോൾ പിരഗണനയിലില്ല.

(സി) ഇത്തരം നിർദ്ദേശങ്ങളോ നിവേദനങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly